**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1664** **08-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിച്ച നൂറ് ദിന പരിപാടിയുമായി ബന്ധപ്പെട്ട് പട്ടാമ്പി മണ്ഡലത്തിൽ വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | സർക്കാരിന്റെ രണ്ടാം വാർഷികത്തോട് അനുബന്ധിച്ച് സംഘടിപ്പിക്കുന്ന നൂറ് ദിന പരിപാടികൾ ആസൂത്രണ തലത്തിലാണ് |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ വകുപ്പിന്റെ ഉടമസ്ഥതയിൽ പ്രവർത്തിച്ച് വരുന്ന സെൻട്രൽ ഓർച്ചാഡ് എന്ന സ്ഥാപനത്തിൽ നിന്ന് മെച്ചപ്പെട്ട സേവനം പൊതുജനങ്ങൾക്ക് ലഭിക്കുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | ഉണ്ട്. പാലക്കാട് ജില്ലയിലെ പട്ടാമ്പി മണ്ഡലത്തിൽ പ്രവർത്തിച്ചു വരുന്ന കൃഷി വകുപ്പിന് കീഴിലുള്ള സെൻട്രൽ ഓർച്ചാർഡ് എന്ന സ്ഥാപനത്തിൽ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിപണനവുമാണ് നിലവിൽ നടന്നു വരുന്നത്. ഫലവൃക്ഷതൈകൾ, ഗ്രാഫ്റ്റു ചെയ്ത തൈകൾ, വേരു പിടിപ്പിച്ച കുരുമുളക് വള്ളികൾ, തെങ്ങിൻ തൈകൾ, കവുങ്ങിൻ തൈകൾ, അലങ്കാര സസ്യങ്ങൾ, ഔഷധ സസ്യങ്ങൾ എന്നിവ ഉല്പാദിപ്പിക്കുകയും കൃഷിഭവൻ വഴി വിവിധ പദ്ധതികളിൽ സൗജന്യ നിരക്കിൽ വിതരണം ചെയ്യുകയും പൊതു ജനങ്ങൾക്ക് ഫാമിൽ നിന്നും നേരിട്ട് വിപണനം നടത്തുകയും ചെയ്യുന്നു. ഇതിനു പുറമെ പച്ചക്കറി വിത്ത്, തൈകൾ എന്നിവയും ഉത്പാദിപ്പിച്ച് വിപണനം നടത്തി വരുന്നു.<br><br>വരും വർഷങ്ങളിൽ നടീൽ വസ്തുക്കളുടെ ഉത്പാദനം ഇരട്ടിയാക്കുന്നതിനും, സംയോജിത കൃഷി രീതി, നൂതന കൃഷി സമ്പ്രദായങ്ങൾ, ഫാം ടൂറിസം പ്രവർത്തനങ്ങൾ തുടങ്ങിയവയിലൂടെ ഫാമിനെ മാതൃകാഫാമായി ഉയർത്തുന്നതിനും അതിലൂടെ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനും കഴിയുന്നതരത്തിലുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഫാം വികസനത്തിനായി കർമ്മപദ്ധതികൾ രൂപീകരിച്ച് വരുന്നു. വന്യമൃഗശല്യം (കാട്ട് പന്നി)രൂക്ഷമായി അനുഭവപ്പെടുന്ന ഫാമിന് ചുറ്റും ചുറ്റുമതിൽ നിർമ്മാണം, മഴവെള്ള സംഭരണി ,ജലസേചന |

| | | | |
|---|---|---|---|
| | | | ടാങ്കുകൾ എന്നിവ നിർമ്മിച്ച് ജലസേചന സൗകര്യം മെച്ചപ്പെടുത്തുക ,കന്നുകാലി വളർത്തൽ, ആട് വളർത്തൽ, മത്സ്യ കൃഷിഎന്നിവ നടപ്പിലാക്കി ഫാമിന്റെ വരുമാനം വർദ്ധിപ്പിയ്ക്കുക, പൊതുജനങ്ങൾക്ക് ജൈവകൃഷിക്കാവശ്യമായ ഉത്പാദനോപാധികൾ ഉത്പാദിപ്പിച്ച് വിൽപന നടത്തുക, നിലവിലുള്ള ഫലവർഗവിളകളുടെ പ്രജനനത്തോട്ടം വിപുലപ്പെടുത്തുക ,വിദേശ ഫലങ്ങൾ ഉൾപ്പടെയുള്ള പുതിയഇനം ഫലവർഗവിളകളുടെ മാതൃസസ്യത്തോട്ടം തയ്യാറാക്കുക,പച്ചക്കറി വിത്തുത്പാദനം വർദ്ധിപ്പിക്കുക, അത്യുൽപാദന ശേഷിയുള്ള കുരുമുളക് വള്ളികളുടെ മാതൃശേഖരം ഫാമിൽ തയ്യാറാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയാണ് കർമ്മ പദ്ധതി തയ്യാറാക്കി വരുന്നത് . |
| (സി) | കർഷകർക്കും പൊതുജനങ്ങൾക്കും പ്രയോജനം ലഭിക്കുന്ന പദ്ധതികൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | കർഷകർക്കും പൊതുജനങ്ങൾക്കും പ്രയോജനം ലഭിക്കുന്ന പദ്ധതികളാണ് നടപ്പിലാക്കികൊണ്ടിരിക്കുന്നത്. പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. കർഷകർക്ക് ഉപകാരപ്രദമാകുന്ന വിധത്തിൽ സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന കേരഗ്രാമം പദ്ധതി നിലവിൽ മണ്ഡലത്തിലെ മൂന്ന് പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നു. പുതുതായി ഒന്നാം വർഷ പ്രവർത്തനം കല്ലുക്കല്ലൂർ പഞ്ചായത്തിലും, രണ്ടാം വർഷ പ്രവർത്തനം വിളയൂരും, മൂന്നാം വർഷ പ്രവർത്തനം മുതുതല എന്നീ പഞ്ചായത്തിലും നടപ്പിലാക്കി വരുന്നു.<br><br>2. കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്കിലെ 216 അംഗൻവാടികളിലും പോഷകത്തോട്ടം അനുവദിച്ചു നടപ്പിലാക്കിയിട്ടുണ്ട്.<br><br>3. പൊതുജനങ്ങളിൽ കൃഷി ആഭിമുഖ്യം വളർത്തുന്നതിനായി കൃഷിഭവനുകൾ മുഖേന എല്ലാ വീട്ടുകളിലും പച്ചക്കറി തൈകൾ നൽകിയിട്ടുണ്ട്.<br><br>4. പഞ്ചായത്ത് പദ്ധതികൾ മുഖേന മുതുതല, വിളയൂർ എന്നീ പഞ്ചായത്തുകളിലെ എല്ലാ വീട്ടുകളിലും ഓരോ ടിഷ്യൂകൾച്ചർ വാഴ തൈകൾ വീതം വിതരണം ചെയ്തു നടപ്പിലാക്കിയിട്ടുണ്ട്.<br><br>5. നെൽകർഷകർക്ക് കൃഷി ചെയ്യുന്നതിനായി വിത്ത് സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്.<br><br>6. ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ബ്ലോക്കിലെ 500 ഹെക്ടർ സ്ഥലത്ത് |

| | | | |
|---|---|---|---|
| | | | ഭാരതീയ പ്രകൃതി കൃഷി പദ്ധതി നടപ്പിലാക്കുന്നുണ്ട്.<br><br>7. കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസനപദ്ധതി എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കി വരുന്നു.<br><br>7. കൂടാതെ കർഷകർക്കും പൊതുജനങ്ങൾക്കും സെൻട്രൽ ഓർച്ചാഡും മണ്ണ് പരിശോധനാ ലാബും കൂടുതൽ ഉപയോഗപ്രദമാക്കുന്നതിന് വേണ്ടി പട്ടാമ്പി കൃഷിഭവൻ സ്മാർട്ട് കൃഷി ഭവനായി മാറ്റുന്നതിനും ആയത് സെൻട്രൽ ഓർച്ചാർഡ് ഏരിയയിലേയ്ക്ക് മാറ്റി സ്ഥാപിക്കുവാനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ